"ഭരണഭാഷ-മാതൃഭാഷ"
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033.
ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com

നമ്പർ ഡി4-3097/2022 (1) തീയതി 13 -04-2022

വിജ്ഞാപനം

കേരള സംസ്ഥാന ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ സൊസൈറ്റി, കേരള സംസ്ഥാന പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റി എന്നിവയുടെ നിയന്ത്രണത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ നിലവിൽ ഒഴിവുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ, ഹൈസ്ക്കൂൾ അസിസ്റ്റന്റ്, എൽ.പി/യു.പി അസിസ്റ്റന്റ് തസ്തികകളിലേയ്ക്കും 2022-23 അദ്ധ്യയന വർഷം താൽക്കാലികമായി ഉണ്ടായോക്കാവുന്ന അദ്ധ്യാപക തസ്തികകളിലേയ്ക്കും 2022-23 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പ്രസ്തുത വർഷത്തേയ്ക്ക് മാത്രമായി ഓരോ വിഷയങ്ങൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും (പി.എസ്.സി നിയമനത്തിനായി നിഷ്കർഷിക്കുന്ന യോഗ്യതകൾ) അപേക്ഷകൾ ക്ഷണിക്കുന്നു. അതാതു സ്കൂളുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റസിഡൻഷ്യൽ സ്വഭാവമുള്ളതിനാൽ സ്കൂളുകളിൽ താമസിച്ച് പഠിപ്പിക്കുന്നതിന് സമ്മതമുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. കരാർ കാലാവധിയിൽ യോഗ്യതാ പ്രമാണങ്ങളുടെ അസ്സൽ, ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കേണ്ടതും ആയത് കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രം തിരികെ നൽകുന്നതുമാണ്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2022 ഏപ്രിൽ 30 തീയതിയായിരിക്കുന്നതാണ്. സ്കൂളുകളിൽ നിലവിലുള്ള ഒഴിവു വിവരം, നിയമനരീതി തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെയുള്ള പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന ഓഫീസുകളിൽ നിന്നും ലഭ്യമാണ്. തിരഞ്ഞെടുക്കപ്പെടുത്തവർക്ക് നിബന്ധനകൾക്കു വിധേയമായി 2023 മാർച്ച് 31 വരെയാണ് കരാർ നിയമനം നൽകുക.

കരാർ കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ (പൊതുവിദ്യാഭ്യാസ വകുപ്പ്/ ഹയർ സെക്കന്ററി വകുപ്പ്/ നിന്നും സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്ന പക്ഷം അതാതു സംഗതിയിലെ കരാർ സ്വമേധയാ റദ്ദാവുന്നതാണ്. നിയമനം ലഭിച്ച സ്കൂളുകളിൽ നിന്നും മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം അനുവദനീയമല്ല ഹയർസെക്കന്ററി സ്കൂൾ ടീച്ചറിന് 36,000/- രൂപയും , ഹൈസ്കൂൾ അസിസ്റ്റന്റിന് 32,560/- രൂപയം, പി.ഡി ടീച്ചറിന് 28,100/- രൂപയും പരമാവധി പ്രതിമാസ വേതനമായി ലഭിക്കുന്നതാണ്. സ്കൂളുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

കുറിപ്പ്:

1. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിശ്ചിത, യോഗ്യതയും അദ്ധ്യാപക നൈപുണ്യവും കഴിവും ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിന് വെയിറ്റേജ് മാർക്ക് നൽകി മുൻഗണന നൽകുന്നതാണ്.
2. നിയമനങ്ങൾക്ക് പ്രാദേശികമായ മുൻഗണന ലഭിക്കുന്നതല്ല.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ബന്ധപ്പെടേണ്ട ഓഫീസ്/ ഫോൺ നമ്പർ
1.	മോഡൽ റസിഡൻഷ്യൽ സ്കൂൾ കട്ടേല	ഐ.റ്റി.ഡി.പി ,നെടുമങ്ങാട് ഫോൺ : 0472-2812557
2.	മോഡൽ റസിഡൻഷ്യൽ സ്കൂൾ കുളത്തൂപ്പുഴ	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുനലൂർ ഫോൺ : 0475-2222353
3.	മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, റാന്നി ഫോൺ : 04735-227703
4.	മോഡൽ റസിഡൻഷ്യൽ സ്കൂൾ ഇടുക്കി	ഐ.റ്റി.ഡി.പി , ഇടുക്കി ഫോൺ : 04862-222399
5.	മോഡൽ റസിഡൻഷ്യൽ സ്കൂൾ മൂന്നാർ	
6.	മോഡൽ റസിഡൻഷ്യൽ സ്കൂൾ അട്ടപ്പാടി	ഐ.റ്റി.ഡി.പി , അട്ടപ്പാടി ഫോൺ : 04924-254223
7.	മോഡൽ റസിഡൻഷ്യൽ സ്കൂൾ മലമ്പുഴ	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പാലക്കാട് ഫോൺ : 0491-2505383
8.	മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലമ്പൂർ	ഐ.റ്റി.ഡി.പി , നിലമ്പൂർ ഫോൺ : 04931-220315
9.	മോഡൽ റസിഡൻഷ്യൽ സ്കൂൾ ഏറ്റുമാനൂർ	ഐ.റ്റി.ഡി.പി , കാഞ്ഞിരപ്പിള്ളി ഫോൺ : 04828-202751
10.	മോഡൽ റസിഡൻഷ്യൽ സ്കൂൾ പൂക്കോട്	ഐ.റ്റി.ഡി.പി , വയനാട് ഫോൺ : 04936-202232
11.	മോഡൽ റസിഡൻഷ്യൽ സ്കൂൾ കണിയാമ്പറ്റ	
12.	മോഡൽ റസിഡൻഷ്യൽ സ്കൂൾ നൂൽപ്പുഴ	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സുൽത്താൻബത്തേരി, വയനാട് ഫോൺ : 04936-221074

13.	മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർനാട്	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മാനന്തവാടി ഫോൺ : 04935-240210
14.	ആശ്രമം സ്കൂൾ തിരുനെല്ലി	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മാനന്തവാടി ഫോൺ : 04935-240210
15.	മോഡൽ റസിഡൻഷ്യൽ സ്കൂൾ കണ്ണൂർ	ഐ.റ്റി.ഡി.പി , കണ്ണൂർ ഫോൺ : 04972-700357
16.	മോഡൽ റസിഡൻഷ്യൽ സ്കൂൾ കാസറഗോഡ്	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കാസറഗോഡ് ഫോൺ : 04994-255466
17.	മോഡൽ റസിഡൻഷ്യൽ സ്കൂൾ ചാലക്കുടി	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ചാലക്കുടി ഫോൺ : 0480-2706100
18.	സാവിത്രിഭായി ഫൂലെ മെമ്മോറിയൽ ആശ്രമം സ്കൂൾ കാസറഗോഡ്	ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കാസറഗോഡ് ഫോൺ : 04994-255466

കൃഷ്ണപ്രകാശ്.കെ
ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)
ഡയറക്ടർക്കുവേണ്ടി

M.S. 13 /04/2022